## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ : *340 23.08.2017-ൽ മറുപടിയ്ക്ക്

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

**ചോദ്യം**

ശ്രീ.പുരുഷൻ കടലുണ്ടി
,, ജെയിംസ് മാത്യു
,, കെ. ബാബു
,, കെ. ആൻസലൻ

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ; | (എ) | എല്ലാ സഹകരണസംഘങ്ങൾക്കും ഒറ്റ സോഫ്റ്റ് വെയർ അഥവാ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളേയും, ഒരു ഏകീകൃത സോഫ്റ്റ് വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. 31/03/2017 നകമായി എല്ലാ പ്രാഥമിക കാർഷിക സഹകരണസംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയത് നടപ്പാക്കുന്നതിന് 2016-17 ൽ ആകെ 26 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br>ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ആധുനികവൽക്കരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നോ നബാർഡിൽ നിന്നോ ഫണ്ട് ലഭ്യമായിട്ടുണ്ടോ; | (ബി) | സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക പങ്കാളിത്തത്തോടെ നബാർഡ് മുഖേന ജില്ലാ സഹകരണ ബാങ്കുകളിലെ കോർ ബാങ്കിംഗ് സിസ്റ്റവുമായി ബന്ധിപ്പിച്ച് 63,000 ഫങ്ഷണൽ പ്രാഥമിക കാർഷിക സഹകരണസംഘങ്ങളിൽ ഏകീകൃത കമ്പ്യൂട്ടർവത്ക്കരണം 3 വർഷങ്ങൾക്കുള്ളിൽ നടപ്പിലാക്കുന്നതിന് 1900 കോടി രൂപ വകമാറ്റിയിട്ടുള്ളതായി കേന്ദ്ര സർക്കാരിന്റെ 2017-18 ലെ ബഡ്ജറ്റ് അവതരണത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നോ നബാർഡിൽ നിന്നോ ഈ ആവശ്യത്തിലേക്കായി യാതൊരു ഫണ്ടും നാളിതുവരെ ലഭിച്ചിട്ടില്ല. പദ്ധതിയിൽ പങ്കാളിയാകാൻ സംസ്ഥാന സർക്കാരിന്റെ സന്നദ്ധത കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം സംഘങ്ങൾ മുഖേനയുള്ള ഹ്രസ്വകാല കാർഷിക വായ്പാ വിതരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകളിൽ നിന്നും രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ എടുക്കുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പൂർണ്ണമായ പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ കൃത്യമായി വായ്പാ തുക തിരിച്ചടയ്ക്കുന്ന നെൽക്കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**